**പതിമൂന്നാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 633** **07-01-2014 ലെ മറുപടിയ്ക്ക്**

**മംഗല്യനിധി പദ്ധതി**

| **ചോദ്യം** | | **മറുപടി** |
| --- | --- | --- |
| **ശ്രീ.പി. ശ്രീരാമകൃഷ്ണൻ :** | | **ശ്രീ. കെ.എം. മാണി (ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)** |
| എ) പാവപ്പെട്ട കുടുംബങ്ങളിലെ പെൺകുട്ടികളുടെ വിവാഹത്തിനായി മംഗല്യനിധി പദ്ധതി നിലവിൽ വന്നിട്ടുണ്ടോ ; എങ്കിൽ ഇതിൽ അപേക്ഷ നൽകുവാനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ് ; വിശദമാക്കാമോ ; ധനസഹായം ആർക്കെങ്കിലും അനുവദിച്ചിട്ടുണ്ടോ ; പരമാവധി എന്ത് തുകയാണ് അനുവദിക്കുക ; | എ) | മംഗല്യനിധി പദ്ധതി സർക്കാർ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ ബി.പി.എൽ. കുടുംബങ്ങളിലെയും, 1 ലക്ഷത്തിൽ താഴെ വാർഷിക വരുമാനമുള്ള എ.പി.എൽ. കുടംബങ്ങളിലെയും അർഹയായ ഒരു പെൺകുട്ടിയ്ക്ക് പരമാവധി 30,000/രൂപ വരെ വിവാഹധനസഹായം നൽകുന്നതിനാണ് ഉദ്ദേശിക്കുന്നത്. പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച മാനദണ്ഡങ്ങൾ തയ്യാറാക്കി വരുന്നു. ധനസഹായം ആർക്കും ഇതുവരെ അനുവദിച്ചിട്ടില്ല. |
| ബി) മംഗല്യനിധിയിലേക്കായി ഓഡിറ്റോറിയങ്ങളിൽ നടക്കുന്ന വിവാഹങ്ങൾക്ക് പ്രത്യേക ഫീസ് ഈടാക്കുന്ന സമ്പ്രദായം നിലവിൽ വന്നിട്ടുണ്ടോ ; എങ്കിൽ ഓഡിറ്റോറിയം ഉടമയാണോ ബന്ധപ്പെട്ട കക്ഷികളാണോ പ്രസ്തുത തുക അടയ്ക്കേണ്ടത് ; ഇത് ഓരോ ജില്ലയിലും എവിടെയാണ് അടയ്ക്കേണ്ടത് ; | ബി) | കേരള ധനകാര്യ നിയമം 2013 പ്രകാരം മംഗല്യനിധി സെസ്സ് നിലവിൽ വന്നിട്ടുണ്ട്. 3 സ്റ്റാർ മുതലുള്ള ഹോട്ടലുകളിലോ, ഡൈനിംഗ് ഹാൾ ഉൾപ്പെടെ 500ൽ കൂടുതൽ ഇരിപ്പിട സൗകര്യമുള്ള ഓഡിറ്റോറിയത്തിലോ വിവാഹമോ അനുബന്ധ ആഘോഷമോ നടത്തുന്നവരിൽ നിന്നാണ് ഇത് ഈടാക്കുന്നത്. അതാത് ജില്ലയിലെ വാണിജ്യനികുതി വകുപ്പിൻ കീഴിലെ ലക്ഷ്വറി ടാക്സ് ഓഫീസറെയാണ് സെസ്സ് പിരിക്കുന്നതിന് ചുമതലപ്പെടുത്തിയിരിക്കുന്നത്. ഇ-പേയ്മെന്റായി സെസ്സ് അടക്കാനുള്ള സൗകര്യവും ഏർപ്പെടുത്തിയിട്ടുണ്ട്. |
| സി) സ്ഥലപരിമിതിമൂലം പാവപ്പെട്ടവർക്ക് വിവാഹങ്ങൾ നടത്തുന്നതിന് ഓഡിറ്റോറിയങ്ങളെ ആശ്രയിക്കേണ്ടി വരുന്നതിനാൽ അവരെ അതിൽ നിന്നും ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | സി) | ഇക്കാര്യം പരിശോധിക്കുന്നതാണ്. |
| ഡി) നഗര ഗ്രാമങ്ങളിലുള്ള ഓഡിറ്റോറിയങ്ങൾക്ക് പ്രത്യേക ഫീസ് ഈടാ | ഡി) | മംഗല്യ സെസ്സിന്റെ നിരക്കുകൾ ചുവടെ ചേർക്കുന്നു. |

ക്കുന്നുണ്ടോ ; എങ്കിൽ എത്ര യാണ് ; പഞ്ചായത്തിൽ താമസി ക്കുന്നവർ നഗരസഭാ പരിധി യിലെ ഓഡിറ്റോറിയത്തിൽ വിവാഹം നടത്തിയാൽ ഏതുതരം ഫീസാണ് ഒടുക്കേണ്ടി വരിക ; വിശദമാക്കാമോ ?

1) 3 സ്റ്റാർ ഹോട്ടലുകളും അതിനുമുകളിലും- 10,000/ രൂപ.

(2) മുനിസിപ്പാലിറ്റി ഏര്യായിൽ സ്ഥിതിചെയ്യുന്ന എയർ കണ്ടീഷൻ ചെയ്ത ആഡിറ്റോറിയം. - 10,000/ രൂപ.

(3) പഞ്ചായത്ത് ഏര്യായിൽ സ്ഥിതിചെയ്യുന്ന എയർ കണ്ടീഷൻ ചെയ്ത ആഡിറ്റോറിയം. 7,500/ രൂപ.

(4) മുനിസിപ്പാലിറ്റി ഏര്യായിൽ സ്ഥിതിചെയ്യുന്ന മറ്റ് ആഡിറ്റോറിയങ്ങൾ - 5,000 / രൂപ.

(5) പഞ്ചായത്ത് ഏര്യായിൽ സ്ഥിതിചെയ്യുന്ന മറ്റ് ആഡിറ്റോറിയങ്ങൾ - 3,000 / രൂപ.

വിവാഹം നടത്തുന്ന ആഡിറ്റോറിയം സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെയും സൗകര്യങ്ങളുടേയും അടിസ്ഥാനത്തിലാണ് സെസ്സ് നിശ്ചയിച്ചിരിക്കുന്നത്.

**സെക്ഷൻ ഓഫീസർ**